നമ്പർ. EC5/47928/17/ഡി.ടി.ഇ

തിരുവനന്തപുരം
തീയതി: 16.01.2018

## സർക്കുലർ

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാരുടെ പൊതു സ്ഥലമാറ്റം -2018 - അപേക്ഷകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1. സ.ഉ (പി) നം.3/2017/ഉഭപവ തീയതി 25-02-2017
2. 09-01-2018 തീയതിയിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിങ്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ, വിവിധ തസ്തികകളിലെ ജീവനക്കാരിൽ നിന്നും **2018** വർഷത്തെ **പൊതു സ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ** ക്ഷണിക്കുന്നു. www.dtekerala.gov.in/elogin മുഖേനെ **05-02-2018 മുതൽ 17-02-2018 തീയതിവരെ** ജീവനക്കാർക്ക് സ്ഥലമാറ്റത്തിനു വേണ്ടി, അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

**സ്ഥലമാറ്റത്തിന് ഓൺലൈൻ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. 17-02-2018 തീയതിയ്ക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.**

**പൊതു സ്ഥലമാറ്റവുമായി ബന്ധപ്പെട്ടു ജീവനക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.**

1. **എല്ലാ ജീവനക്കാരും,** www.dtekerala.gov.in/elogin വഴി upload **ചെയ്തിട്ടുള്ള സേവന വിവരങ്ങളുടെ ഹാർഡ് കോപ്പി, സാക്ഷ്യപ്പെടുത്തി, 20-01-2018 തീയതിക്കു മുൻപായി സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ്.** സേവന വിവരങ്ങൾ പരിശോധിച്ച്, തിരുത്തലുകൾ ഉള്ള പക്ഷം, സേവന വിവരങ്ങളുടെ ഹാർഡ് കോപ്പിയോടൊപ്പം **തിരുത്തൽ അപേക്ഷ** (form of correction) കൂടി ഉൾപ്പെടുത്തി സ്ഥാപനമേധാവിക്ക് നിശ്ചിത തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

2. **ജീവനക്കാരൻ ഈ വകുപ്പിൽ പ്രവേശിച്ച തസ്തിക മുതൽ നാളിതുവരെ സേവനമനുഷ്ഠിച്ചിട്ടുള്ള എല്ലാ കേഡറിലുള്ള, വിവരങ്ങളും സേവന വിവരങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.** സേവന വിവരങ്ങൾ തെറ്റായി നല്കിയാൽ ആയതിന്റെ ഉത്തരവാദിത്വം ജീവനക്കാരനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

3. പൊതു സ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ ജീവനക്കാർക്കു www.dtekerala.gov.in/elogin മുഖേനെ **05-02-2018 മുതൽ 17-02-2018 തീയതിവരെ** അപേക്ഷിക്കാവുന്നതാണ്.

4. അപേക്ഷയുടെ ഹാർഡ്കോപ്പി അയക്കേണ്ടതില്ല.

5. എന്നിരുന്നാൽ സ്ഥലമാറ്റത്തിന് ഏതെങ്കിലും തരത്തിൽ പ്രത്യേക മുൻഗണന ലഭിക്കുവാൻ അർഹതയുള്ള ജീവനക്കാർ, ആ വിവരങ്ങൾ അപേക്ഷയിൽ കൃത്യമായി ഉൾകൊള്ളിക്കേണ്ടതും, ആവശ്യമായ രേഖകൾ സഹിതം, സ്ഥലമാറ്റത്തിനുള്ള ഓൺലൈൻ അപേക്ഷയുടെ ഹാർഡ് കോപ്പിയോടൊപ്പം, സ്ഥാപനമേധാവി യുടെ ശുപാർശ സഹിതം **22-02-2018** നു മുൻപായി, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. മുൻഗണന ലഭിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല എങ്കിൽ മുൻഗണന നൽകുന്നത് പരിഗണിക്കുന്നതല്ല.

6. പൊതു വിദ്യാഭ്യാസ വകുപ്പിൻറെ കീഴിലുള്ള സ്കൂളുകളിൽ, വർക്ക് എക്സ്പീരിയൻസ് തസ്തികയിൽ, ജോലി ചെയ്യുന്നവരുടെ അപേക്ഷ ഓൺലൈനായി സമർപ്പിക്കേണ്ടതും ഹാർഡ്കോപ്പി സ്ഥാപനമേധാവി മുഖേനെ 22-02-2018 നു മുൻപായി ആവശ്യമായ രേഖകൾ സഹിതം, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

7. **ജീവനക്കാരുടെ സർവ്വീസ് സംബന്ധിച്ച് എല്ലാ വിവരങ്ങളും ഔട്ട്സ്റ്റേഷൻ ഉൾപ്പെടെ വെബ്സൈറ്റിൽ www.dtekerala.gov.in/elogin പ്രസിദ്ധീകരിച്ചിട്ടുള്ള വിവരങ്ങളെ ആസ്പദമാക്കിയായിരിക്കും.** ആയതിനാൽ ഹോംസ്റ്റേഷൻ/സോൺ പ്രഖ്യാപനം വളരെ ശ്രദ്ധയോടെ ആയിരിക്കണം ജീവനക്കാർ ചെയ്യേണ്ടത്.

8. ഒരു ജീവനക്കാരൻറെ ആകെയുള്ള സർവീസിൽ, **രണ്ടു തവണ മാത്രമേ ഹോംസ്റ്റേഷൻ മാറ്റുന്നതിനുള്ള അനുമതിയുള്ളൂ.** ആയതിൽ കൂടുതൽ പ്രാവശ്യം ഹോംസ്റ്റേഷൻ മാറ്റുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

9. താൽക്കാലിക ലിസ്റ്റിൻമേൽ പരാതിയുള്ള പക്ഷം ആയത് ഓൺലൈൻ മുഖേനെ രജിസ്റ്റർ ചെയ്യേണ്ടതും, ആയതിന്റെ ഹാർഡ് കോപ്പി ആവശ്യമായ രേഖകൾ സഹിതം, സ്ഥാപനമേധാവിയുടെ ശുപാർശ സഹിതം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് 31-03-2018 തീയതിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

**<u>പൊതു സ്ഥലമാറ്റവുമായി ബന്ധപ്പെട്ടു സ്ഥാപനമേധാവികൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.</u>**

1. സ്ഥാപനമേധാവികൾക്ക് MIS updation വരുത്തുന്നതിന് **17.01.2018 മുതൽ 31.01.2018 വരെ** സൌകര്യമുണ്ടായിരിക്കും. ഇതിന് വേണ്ടി ഔദ്യോഗിക വെബ്സൈറ്റായ **www.dte.kerala.gov.in/mis** ലോഗിൻ ചെയ്യേണ്ടതാണ്.

2. MIS വഴി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുവിവരങ്ങൾ, ജീവനക്കാരുടെ സേവന വിവരങ്ങൾ എന്നിവ കൃത്യവും കാര്യക്ഷമവുമായി നിശ്ചിത തീയതിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്നതിലേക്കായി, പൊതു സ്ഥല മാറ്റ സംബന്ധമായ ജോലികൾ ചെയ്യുന്നതിന്, സ്ഥാപനമേധാവികൾ, ഒരു ക്ലാർക്കിനെ നിയോഗിക്കേണ്ടതാണ്. കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ പ്രസ്തുത ജോലിക്കായി ആവശ്യമായ ക്ലാർക്കുമാരെ സ്ഥാപനമേധാവിക്കു നിയോഗിക്കാവുന്നതാണ്.

3. സ്ഥാപനത്തിലെ എല്ലാ ജീവനക്കാരിൽ നിന്നും MIS ലെ സേവന വിവരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ ഹാർഡ് കോപ്പി, സേവന വിവരങ്ങളിൽ മാറ്റം വരുത്തുവാൻ ആവശ്യമുള്ളവരിൽ നിന്നും form of correction എന്നിവ 20-01-2018 തീയതിക്കുള്ളിൽ തന്നെ ശേഖരിക്കേണ്ടതും. ആയതു സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും, പരിശോധന വേണ്ടി വരുന്ന അവസരത്തിൽ ഹാജരാക്കേണ്ടതാണ്.

4. ജീവനക്കാർ സാക്ഷ്യപ്പെടുത്തി നല്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, **സേവനവിവരങ്ങൾ കൃത്യതയോടുകൂടി upload ചെയ്യേണ്ടതാണ്.** സേവനവിവരങ്ങൾ upload ചെയ്യുമ്പോൾ വരുന്ന തെറ്റുകളുടെ ഉത്തരവാദിത്വം സ്ഥാപനമേധാവികൾക്കായിരിക്കുന്നതാണ്.

5. അതീവ ശ്രദ്ധയോടും, കൃത്യതയോടും സ്ഥാപനമേധാവികൾ, തസ്തികകളുടെ ഒഴിവ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യണം(whether the vacancy is due to retirement/,transfer/LWA/promotion and if so with details of incumbents or newly created) **പുതുതായി അനുവദിച്ച തസ്തികകൾ, ഉണ്ടെങ്കിൽ ആയതുകൂടി ഉൾപ്പെടുത്തി ഒഴിവു വിവരങ്ങൾ കണക്കാക്കേണ്ടതാണ്.** ഒഴിവ് വിവരങ്ങളിൽ വരുന്ന തെറ്റുകൾക്ക് സ്ഥാപന മേധാവികൾ ഉത്തരവാദിയായിരിക്കുന്നതാണ്.

6. **ഓൺലൈൻ വഴിയുള്ള സ്ഥലമാറ്റ അപേക്ഷകൾ സ്ഥാപന മേധാവി പരിശോധിച്ച് അപേക്ഷയുടെ കൃത്യത ഉറപ്പ് വരുത്തി വ്യക്തമായ ശുപാർശ സഹിതം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് 22.2.2018 ന തന്നെ സമർപ്പിക്കേണ്ടതാണ്.**

സ്ഥലംമാറ്റം അപേക്ഷയുമായി ബന്ധപ്പെട്ട പ്രധാന തീയതികൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | സ്ഥാപന മേധാവികൾ MIS ൽ തസ്തികകളുടെ ഒഴിവ് വിവരങ്ങളും ജീവനക്കാരുടെ സേവന വിവരങ്ങളും ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനുള്ള തീയതി. | 17.01.2018 മുതൽ 31.01.2018 വരെ |
| 2 | ജീവനക്കാർ സ്ഥലംമാറ്റത്തിനുവേണ്ടി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ട തീയതി. | 05-02-2018 മുതൽ 17-02-2018 വരെ |
| 3 . | ഓൺലൈൻ മുഖേനെ ലഭിച്ച അപേക്ഷകൾ, സ്ഥാപനമേധാവികൾ പരിശോധിച്ച്, ശുപാർശ സഹിതം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി: | 22-02-2018 |
| 4. | **താൽക്കാലിക ലിസ്റ്റ്** പ്രസിദ്ധീകരിക്കുന്ന തീയതി. | 20-03-2018 |
| 5. | താൽക്കാലിക ലിസ്റ്റിൻ മേൽ പരാതിയുള്ള പക്ഷം ആയത് ഓൺലൈൻ മുഖേന സമർപ്പിക്കേണ്ട അവസാന തീയതി: | 27-03-2018 |
| 6. | താൽക്കാലിക ലിസ്റ്റിൻമേലുള്ള പരാതിയുടെ ഹാർഡ് കോപ്പി വേണ്ട തെളിവുകൾ സഹിതം സാങ്കേതിക വിദ്യാഭ്യാസ് ഡയറക്ടർക്ക് അയക്കേണ്ട അവസാന തീയതി | 31-03-2018 |
| 7 | **അന്തിമ ഉത്തരവ്** പ്രസിദ്ധീകരിക്കുന്ന തീയതി : | 30-04-2018. |

പൊതു സ്ഥല മാറ്റവുമായി ബന്ധപ്പെട്ട താൽകാലിക ലിസ്റ്റ് , അന്തിമ ലിസ്റ്റ് എന്നിവ www.dtekerala.gov.in വെബ്സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതാണ്.

Sd/-
ഡോ. കെ.പി ഇന്ദിരാദേവി
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ സ്ഥാപന മേധാവികൾക്കും (www.dtekerala.gov.in മുഖേനെ).
2. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
3. C.A to DTE, SJD(ECS), SJD(PS), A.O
4. Administrative Assistant I & II
5. System Analyst, IT Division.
6. ജീവനക്കാര്യം സൂപ്രണ്ട് EA, EB, EC, & ED സെക്ഷൻ
7. ജീവനക്കാര്യം ക്ലാർക്ക് EA, EB, EC, & ED സെക്ഷൻ
8. ഓഫീസ് പകർപ്പ് 9. കരുതൽഫയൽ

ഉത്തരവിൻ പ്രകാരം
സീനിയർ സൂപ്രണ്ട്